MM

## Part -B 1st Language - Malayalam (BT)
## Questions No.16 to 30

16. വിത്തെന്ന മഹാദ്ഭുതം ഏത് സാഹിത്യ വിഭാഗത്തിൽപ്പെടുന്നു?
   (A) ലേഖനം (B) കഥ
   (C) ആത്മകഥ (D) ജീവചരിത്രം

17. 2025 ലെ വയലാർ അവാർഡ് ലഭിച്ചത് ആർക്കാണ് ?
   (A) സുഗതകുമാരി
   (B) വിഷ്ണുനാരായണൻ നമ്പൂതിരി
   (C) കെ.ജി.ശങ്കരപ്പിള്ള
   (D) ഇ.സന്തോഷ് കുമാർ

18. കേരള സർക്കാർ കണ്ണൂർ ആസ്ഥാനമാക്കി സ്ഥാപിച്ച സ്വയംഭരണ സ്ഥാപനമാണ് കേരള ഫോക്‌ലോർ അക്കാദമി. ഈ അക്കാദമിയുമായി ബന്ധപ്പെട്ട പ്രസ്താവനകളിൽ താഴെ കൊടുത്തിരിക്കുന്നവയിൽ ശരിയായത് ഏത്?
i 1995 ൽ ആണ് ഇത് സ്ഥാപിച്ചത്
ii നാടൻ കലകളെ സംരക്ഷിക്കുന്നതിനും പുനരുദ്ധരിക്കുന്നതിനും വേണ്ടിയുള്ളതാണ്.
iii ആസ്ഥാനം തലശ്ശേരി ആണ്.
iv നാടൻ കലകളെ പ്രചരിപ്പിക്കുന്നു.
   (A) i, ii എന്നീ പ്രസ്താവനകൾ മാത്രമാണ് ശരി.
   (B) i, ii, iii എന്നീ പ്രസ്താവനകൾ ശരിയാണ്.
   (C) i, ii, iv എന്നീ പ്രസ്താവനകൾ ശരിയാണ്.
   (D) എല്ലാം ശരിയാണ്

19. ഏറ്റവും മികച്ച കാർഷിക പ്രവർത്തനം നടത്തുന്ന വിദ്യാർഥിക്ക് സംസ്ഥാന കൃഷി വകുപ്പ് നൽകുന്ന അവാർഡ്?
   (A) കർഷകോത്തമ (B) കർഷക രത്നം
   (C) ബാല കർഷകൻ (D) കർഷക പ്രതിഭ

20. "കാല് പുതയും വരമ്പത്തെ പാഴ്ചെളിത്താരയിൽ താമരത്താർ വിടർത്തി'' ഇതിൽ **'താമരത്താർ'** എന്നതു കൊണ്ട് കവി ഉദ്ദേശിച്ചത് എന്ത് ?
   (A) സ്ത്രീകളുടെ പാദങ്ങൾ
   (B) സ്ത്രീകളുടെ കൈകൾ
   (C) സ്ത്രീകളുടെ മുഖം
   (D) സ്ത്രീകളുടെ കണ്ണുകൾ

21. മുഖാവരണം എങ്ങനെ വിഗ്രഹിക്കാം?
   (A) മുഖത്തിന്റെ ആവരണം
   (B) മുഖത്തിനാൽ ആവരണം ചെയ്യപ്പെട്ടത്
   (C) മുഖത്തിനു വേണ്ടിയുള്ള ആവരണം
   (D) മുഖം ആവരണം ചെയ്യാനുള്ള വസ്തു

22. വലംകൈ എന്ന ശൈലിയുടെ അർത്ഥം?
   (A) വലത്തെ കൈ
   (B) വലതു ഭാഗത്തെ കൈ
   (C) ഏറ്റവും വലിയ കൈ
   (D) ഏറ്റവും വലിയ സഹായി

23. സൂചനകളിൽ നിന്നും എഴുത്തുകാരനെ കണ്ടെത്തു
- 1955 ഏപ്രിൽ 10ന് ജനിച്ചു.
- വിദ്യാഭ്യാസ വകുപ്പിൽ ജോലിക്കാരനായിരുന്നു.
- അമ്മ മലയാളം, കീഴാളൻ, പെണ്ണങ്ങുണ്ണി തുടങ്ങിയവ പ്രധാന കവിതാസമാഹാരങ്ങളാണ്.
- 2011–ൽ കേരള സാഹിത്യ അക്കാദമി പുരസ്കാരം, ആശാൻ സ്മാരക പുരസ്കാരം, വൈലോപ്പിള്ളി പുരസ്കാരം എന്നിവ ലഭിച്ചു.

   (A) കുരീപ്പുഴ ശ്രീകുമാർ
   (B) സച്ചിദാനന്ദൻ
   (C) കടമ്മനിട്ട രാമകൃഷ്ണൻ
   (D) അയ്മനം ജോൺ

24. "പാറിവന്ന സെപ്തംബർ മുകിലുകൾ നാലുദിക്കിലും
കറുത്ത കോട്ടയായ് തീക്കുടുക്കകളുടയ്ക്കുമന്തിയിൽ
ഫാത്തിമത്തുരുത്തിലൊന്നു പോകണം''
കവിതയിലെ **തീക്കുടുക്കകൾ** എന്ന പ്രയോഗത്തിന്റെ അർത്ഥമെന്ത്?
   (A) മേഘങ്ങൾ കൊണ്ട് കറുത്തുപോയി
   (B) മഴ ശക്തമായി പെയ്യുന്നത്
   (C) സന്ധ്യാസമയത്തെ ഇടിമുഴക്കങ്ങളുടെ ശബ്ദതീവ്രതയും ഭയാനകതയും
   (D) ശക്തമായ കാറ്റിന്റെ വരവ്

25) കഥകളി തുടങ്ങിക്കഴിഞ്ഞുവെന്നറിയിക്കുന്ന ഗണപതി കൊട്ടാണ്.....
   (A) തോടയം (B) കേളികൊട്ട്
   (C) അരങ്ങുകേളി (D) വന്ദനശ്ലോകം

26) 'വിത്തുഗുണം പത്തുഗുണം' എന്ന ചൊല്ല് താഴെ കാണുന്ന ഏത് പ്രസ്താവനയുമായി ബന്ധപ്പെട്ടിരിക്കുന്നു?

(A) വിത്ത് വിതച്ചാൽ നമുക്ക് പത്തോളം ഗുണമുണ്ട്.

(B) നല്ല വിത്ത് വിതച്ചാൽ നല്ല വിളവ് ലഭിക്കും.

(C) ഒരു വിത്തിന് പത്തു ഗുണങ്ങൾ ഉണ്ട്.

(D) വിത്തിന് വിളവിൽ യാതൊരു പങ്കുമില്ല.

27) പദച്ചേരുവകളെ ചേർത്തെഴുതുമ്പോൾ വേറിട്ട് നിൽക്കുന്നത് ഏത്?

(A) എണ്ണിത്തിട്ടപ്പെടുത്തി - എണ്ണി, തിട്ടപ്പെടുത്തി

(B) കൃത്യമായിരുന്നില്ല - കൃത്യം, ആയിരുന്നില്ല

(C) സമയമാകുമ്പോൾ - സമയം, ആകുമ്പോൾ

(D) തുല്യമായി - തുല്യം, ആയി

**താഴെ കൊടുത്തിരിക്കുന്ന കവിത ഭാഗം വായിച്ച് ഉത്തരങ്ങൾ കണ്ടെത്തി എഴുതുക.**

ഈ രാമണീയകസങ്കേതരംഗമാ -
മാരാമം തന്നിലെപ്പൂക്കളെല്ലാം
ഏകവർണ്ണം പൂണ്ടു പണ്ടുല്ലസിച്ചിത -
സ്തോകമാ, മാമോദമോടുകൂടി.
മല്ലിക, പിച്ചകമിത്യാദ്യഭിമാന-
മില്ലായിരുന്നിതതിനൊന്നിനും.
കാലത്തു കാറ്റൊരു
പുഷ്പത്തെ വീഴ്ത്തുമ്പോൾ
മാലുറ്റ മറ്റുള്ള പൂക്കളെല്ലാം
ചാഞ്ഞ ശിരസ്സോടെനിന്നുതൂകാറുണ്ടു
മഞ്ഞിൻകണങ്ങളിൽ ബാഷ്പബിന്ദു.
മാമരച്ഛായയിൽ ജീവിതം പോക്കിയ
തൂമലരൊക്കെയും വാസനയാൽ
നാലുവശത്തുമെഴുന്ന മരുനിലം-
പോലും സുരഭിലമാക്കിവന്നു.
ഭീമമമധ്യാഹ്നദിനകരരശ്മിയാ-
ക്കോമളപ്പൂക്കളെ വാട്ടിയില്ല.
അപ്പരിപാവനമായ സമയമാ-
ണിപ്പൂവനത്തിൻ സുവർണ്ണകാലം.
വർണ്യകുസുമങ്ങളൊക്കെപ്പല
പല വർണ്ണങ്ങളായിച്ചമഞ്ഞു പിന്നെ.
തന്നുടെ ജാതിയെ ചൊല്ലിയവയെല്ലാ-
മിന്നിളം കാറ്റത്തു തുള്ളിടുന്നു.

28) പൂങ്കാവനത്തിലെ സുവർണ്ണകാലം കഴിഞ്ഞു പോയി എന്നു പറയുന്നത് എന്തുകൊണ്ട്?

(A) പൂക്കൾ പല വർണ്ണങ്ങളായി വേർപിരിഞ്ഞു

(B) സൂര്യ രശ്മികൾ പൂക്കളെ കരിച്ചു കളഞ്ഞു.

(C) പ്രകൃതിയിൽ മഞ്ഞുകണങ്ങൾ ഇല്ലാതായി

(D) പൂക്കൾക്ക് വർണ്ണം നഷ്ടമായി

29) കൂട്ടത്തിൽ ഒരാൾ കൊഴിഞ്ഞു വീഴുമ്പോൾ മറ്റുള്ളവയുടെ പ്രതികരണമെന്തായിരുന്നു?

(A) അഭിമാനത്തോടെ ശിരസ്സു കുനിച്ചു

(B) മറ്റുള്ളവർക്ക് സുഗന്ധം പരത്തി

(C) ശിരസ്സു കുനിച്ച് കണ്ണീരൊഴുക്കി

(D) സന്തോഷത്തോടെ ഉല്ലസിച്ചു.

30) ആരാമത്തിലെ പൂക്കളുടെ പ്രത്യേകത എന്തായിരുന്നു?

(A) മഞ്ഞിൻ കണങ്ങളിൽ കുളിച്ചുനിന്നു


(B) മറ്റുള്ളവരുടെ പതനത്തിൽ ആഹ്ലാദിച്ചു.

(C) നിറത്തിന്റെ പേരിൽ വേർതിരിവ് കാണിച്ചു

(D) മിഥ്യാഭിമാനമില്ലാതെ ഏകവർണ്ണമായി ആഹ്ലാദിച്ചു

## KSTU STATE COMMITTEE
## PAPER – I, Part -C Mathematics
## Questions No.31 to 50

31.




ചിത്രത്തിൽ ABCD ഒരു സാമാന്തരികമാണ്. ഇതിനകത്തെ ത്രികോണത്തിലെ കോണുകൾ ഏതെല്ലാം?

(A) $(30°, 50°, 100°)$ (B) $(40°, 60°, 80°)$

(C) $(70°, 30°, 80°)$ (D) $(60°, 50°, 70°)$

32. 4 ലിറ്റർ പാൽ 3 പേർക്ക് ഒരു പോലെ വീതിച്ചാൽ ഓരോരുത്തർക്കും ലഭിക്കുന്ന പാലിന്റെ അളവിന് തുല്യമായത്?

(i) $\frac{4}{3}$ ലിറ്റർ (ii) $\frac{3}{4}$ ലിറ്റർ

(iii) $1\frac{1}{3}$ ലിറ്റർ (iv) $1\frac{1}{4}$ ലിറ്റർ

(A) (i), (iii) ഇവ ശരി

(B) (ii), (iv) ഇവ ശരി

(C) (i), (iv) ഇവ ശരി

(D) (ii), (iii) ഇവ ശരി

33. ഒരു ത്രികോണത്തിന്റെ ചുറ്റളവ് 20 സെ.മീ ആണ്. താഴെയുള്ള അളവുകളിൽ അതിൻറെ ഒരു വശത്തിന്റെ നീളം ആകാവുന്നത് ഏത്?

(A) 10 സെ.മീ (B) 11 സെ.മീ

(C) 8 സെ.മീ (D) 14 സെ.മീ

34. വിട്ടു പോയ സംഖ്യ കണ്ടെത്തുക.

4, 64 [17] 9, 16     121, 4 [19] 25, 1     400, 9 [?] 16, 49

(A) 22    (B) 32    (C) 30    (D) 34

35. $5 \times 0.5 \times 0.05 \times 10^4$ = ..........

(i) 1250    (ii) $(0.5)^4$

(iii) 0.125 x 10000    (iv) $12.5 \times 10^2$

(A) (i), (ii), (iii) ഇവ ശരിയാണ്.

(B) (i), (ii), (iv) ഇവ ശരിയാണ്.

(C) (i), (iii), (iv) ഇവ ശരിയാണ്.

(D) (ii), (iii), (iv) ഇവ ശരിയാണ്.

36. ഒരു സംഖ്യയുടെ 5 മടങ്ങിൽ നിന്നും 4 കുറച്ചതും അതേ സംഖ്യയുടെ 4 മടങ്ങിൽ നിന്ന് 3 കുറച്ചതും തമ്മിലുള്ള വ്യത്യാസം 5 ആണ്. ഈ വാചകത്തിന്റെ ബീജഗണിത രൂപം അല്ലാത്തത് ഏതാണ് ?


(A) (5x-4) - 5 = 4x - 3

(B) (5x-4) - (4x - 3) = 5

(C) (4x-3) + 5 = (5x - 4)

(D) 5x-4 - 4x - 3 = 5

37.




ചിത്രത്തിലെ ചെറിയ സമചതുരത്തിന്റെ പരപ്പളവ്, വലിയ ചതുരത്തിന്റെ പരപ്പളവ് എന്നിവയുമായി ബന്ധപ്പെട്ട ഒരു പ്രസ്താവനയും കാരണവും ചുവടെ നൽകിയിരിക്കുന്നു.

**പ്രസ്താവന:** സമചതുരത്തിൻറെയും ചതുരത്തിന്റെയും പരപ്പളവുകൾ തമ്മിലുള്ള അംശബന്ധം 1:18.

**കാരണം :** സമചതുരത്തിന്റെ പരപ്പളവ് രണ്ട് ചതുരശ്ര സെൻറീമീറ്ററും ചതുരത്തിന്റെ പരപ്പളവ് 36 ചതുരശ്ര സെൻറീമീറ്ററും ആണ്.

(A) പ്രസ്താവന ശരി, കാരണം തെറ്റ്

(B) പ്രസ്താവന തെറ്റ്, കാരണം ശരി

(C) പ്രസ്താവനയും കാരണവും ശരി

(D) പ്രസ്താവനയും കാരണവും തെറ്റ്

38. 4, 5, 6, 7 എന്നീ അക്കങ്ങൾ ആവർത്തിക്കാതെ ഉപയോഗിച്ച് 5 ന്റെ ഗുണിതങ്ങളായ എത്ര നാലക്ക സംഖ്യകൾ ഉണ്ടാക്കാൻ സാധിക്കും?


(A) 5    (B) 6    (C) 8    (D) 12

39. 148 + 137 + 185 + 192 = 662 ആയാൽ

$148\frac{1}{4} + 137\frac{5}{6} + 185\frac{3}{4} + 192\frac{1}{6}$ എത്ര?

(A) $662\frac{5}{12}$    (B) $663\frac{1}{4}$    (C) 663    (D) 664

40.



ഒരു സമചതുരത്തെ രണ്ടു ചതുരങ്ങളായി ഭാഗിച്ചിരിക്കുന്നു. സമചതുരത്തിന്റെ ചുറ്റളവ് 64 സെ.മി ആണ്. എങ്കിൽ പുതിയ രണ്ടു ചതുരങ്ങളുടെ ചുറ്റളവുകളുടെ തുക എത്ര?

(A) 80 സെ. മീ    (B) 90 സെ. മീ

(C) 96 സെ.മീ    (D) 128 സെ. മീ

41. $2^6$ ന്റെ ഇരട്ടിയാകാവുന്നത് ഏവ?

(i) $2^6 + 2^6$    (ii) $2^7$

(iii) $2^8$ ന്റെ പകുതി    (iv) $4^3$ ന്റെ ഇരട്ടി

(A) (i) ഉം (iii) ഉം    (B) (ii) ഉം (iv) ഉം

(C) (i), (ii), (iii) എന്നിവ    (D) ഇവയെല്ലാം

42. A+B = 58, B+C = 72, C+A = 70 ആയാൽ A+B+ C= എത്ര?

(A) 100    (B) 200

(C) 130    (D) 142

43. ചുവടെ കൊടുത്തിരിക്കുന്ന സംഖ്യാ ശ്രേണിയിലെ 10-ാമത്തെ സംഖ്യ ഏത്?

1, 3, 6, 10, 15, ...........

(A) 50    (B) 55

(C) 100    (D) 110

44. കോളം A യിലെ സംഖ്യകളുടെ ഘടകങ്ങളുടെ എണ്ണം കോളം B യിൽ നിന്ന് തിരഞ്ഞെടുത്ത് എഴുതുക.

| A സംഖ്യ | | B ഘടകങ്ങളുടെ എണ്ണം | |
|---|---|---|---|
| (i) | $2^3$ | (a) | 9 |
| (ii) | $6^2$ | (b) | 3 |
| (iii) | $2 \times 5^2$ | (c) | 4 |
| (iv) | $5^2$ | (d) | 6 |

(A) (i) - c, (ii) - b, (iii) - d, (iv) - a
(B) (i) - c, (ii) - a, (iii) - d, (iv) - b
(C) (i) - c, (ii) - a, (iii) - b, (iv) - d
(D) (i) - c, (ii) - d, (iii) - a, (iv) – b

45. 1 മുതൽ 75 വരെയുള്ള സംഖ്യകൾ എഴുതി ഗുണിച്ചാൽ കിട്ടുന്ന സംഖ്യയുടെ അവസാനത്തിൽ എത്ര പൂജ്യങ്ങൾ ഉണ്ടാകും?
(A) 15 (B) 17 (C) 18 (D) 16

46. 3 ന്റെ രണ്ട് കൃതികളുടെ തുക 108 ആയാൽ അവയുടെ വ്യത്യാസം എത്ര?
(A) 48 (B) 72 (C) 64 (D) 54

47. 105 X 45 = 4725 എങ്കിൽ $\frac{47.25}{4.5}$ ന്റെ വില എത്ര?
(A) 105 (B) 1.05
(C) 10.5 (D) 0.105

48. ഒരു കലണ്ടറിൽ നാലു സംഖ്യകൾ എഴുതിയ ഒരു സമചതുരം അടയാളപ്പെടുത്തിയിരിക്കുന്നു. നാലു സംഖ്യകളുടെ തുക 56 ആയാൽ ഏറ്റവും വലിയ സംഖ്യ എത്രയാണ്?
(A) 19 (B) 17
(C) 20 (D) 18

49. ചുവടെ നൽകിയിരിക്കുന്നവയിൽ മട്ടത്രികോണത്തിന്റെ വശമാകാത്ത അളവുകൾ ഏത്?
(A) (3, 4, 5) (B) (5, 12, 13)
(C) (30, 60, 90) (D) (30, 40, 50)

50. ഒരു സമചതുരത്തിന്റെ വശങ്ങളെല്ലാം 10% നീളം കൂട്ടി വലിയ സമചതുരം ആക്കിയാൽ പരപ്പളവ് എത്ര ശതമാനം കൂടും?
(A) 10% (B) 20%
(C) 21% (D) 100%

KSTU